**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തീക്കോയി ഗ്രാമപഞ്ചായത്ത് - ജലനിധി കുടിവെള്ള പദ്ധതി ശ്രീ.പി.സി.ജോർജ്ജ് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നത് - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3102/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 06/12/2018

പരാമർശം:- 1. 27/11/2017 ലെ സ.ഉ(സാധാ)നം.3811/2017/തസ്വഭവ നമ്പർ ഉത്തരവ്.

2. തീക്കോയി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 02/11/2018 ലെ എ 1-3855/2018 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ പൂഞ്ഞാർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.പി.സി.ജോർജ്ജ് എം.എൽ.എ യുടെ 2017-18 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും തീക്കോയ് ഗ്രാമപഞ്ചായത്തിൽ ജലനിധി കുടിവെള്ള പദ്ധതിക്കായി 15,00,000/- (പതിനഞ്ച് ലക്ഷം) രൂപ അനുവദിച്ച് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത തുക പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ മാറ്റി നൽകുന്നതിന് ഉത്തരവിൽ പരാമർശമില്ലാത്തതിനാൽ ടി തുക മാറ്റിയെടുത്ത് ജലനിധി കുടിവെള്ള പദ്ധതിയ്ക്കായി ഒടുക്കാൻ കഴിയാത്ത സാഹചര്യമാണെന്നും, ആയതിനാൽ പരാമർശ ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം 2 പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തീക്കോയി ഗ്രാമപഞ്ചായത്തിൽ ജലനിധി കുടിവെള്ള പദ്ധതിക്കായി പരാമർശം 1 പ്രകാരം അനുവദിച്ച 15,00,000/- (പതിനഞ്ച് ലക്ഷം) രൂപ 4515-00-800-96-പ്രോജക്റ്റ്സ് അണ്ടർ എൽ.എ.സി-എ.ഡി.എസ് (NP) എന്ന ശീർഷകത്തിൽ നിന്നും മാറ്റിയെടുത്ത് പ്രസ്തുത പദ്ധതിയ്ക്കായി വിനിയോഗിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം 1 ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

മേൽ പരാമർശിത ഉത്തരവ് ടി ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

ബീനമോൾ കെ.ജെ,

**ഡെപ്യൂട്ടി സെക്രട്ടറി.**

പ്രസിഡന്റ്/സെക്രട്ടറി, തീക്കോയി ഗ്രാമപഞ്ചായത്ത്

എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ